"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ഒലവക്കോട് സ്റ്റോങ്ങ് റൂം മോഷണം - അച്ചടക്ക നടപടി - സസ്പെൻഷൻ കാലം ക്രമീകരിച്ചത് - ശ്രീ.സി.ടി.ജോജു, റിട്ടയേർഡ് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച റിവ്യൂ ഹർജി പരിഗണിച്ച് - 1.07.2010-ലെ സ.ഉ.(സാധാ)നം. 285/2010/വനം ഉത്തരവ് - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.180/2021/വനം    തിരുവനന്തപുരം, തീയതി, 19/06/2021

---

പരാമർശം:- (1) 19.09.2002-ലെ സ. ഉ. (സാധാ.) നം. 306/2002/വനം ഉത്തരവ്.

(2) 27.09.2005-ലെ സ.ഉ.(സാധാ)നം. 518/2005/വനം ഉത്തരവ്.

(3) 28.01.2009-ലെ സ. ഉ. (സാധാ.) നം. 47/2009/വനം ഉത്തരവ്.

(4) 01.07.2010-ലെ സ.ഉ.(സാധാ) നം. 285/2010/വനം ഉത്തരവ്.

(5) 24.06.2011-ലെ സ.ഉ.(സാധാ) നം. 284/2011/വനം ഉത്തരവ്.

(6) 12.07.2017-ലെ സ.ഉ.(സാധാ) നം. 255/2017/വനം ഉത്തരവ്.

(7) 28.06.2019 തീയതിയായി ശ്രീ.സി.ടി.ജോജു, റിട്ടയേർഡ് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച റിവ്യൂ ഹർജി.

**ഉത്തരവ്**

ഒലവക്കോട് സ്റ്റോങ്ങ് റൂം മോഷണം നടന്നതുമായി ബന്ധപ്പെട്ട് അന്നത്തെ വാളയാർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. സി. ടി. ജോജുവിനെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും പരാമർശം (2) പ്രകാരം തിരിച്ചെടുക്കുകയും ചെയ്തു.

2) പ്രസ്തുത വിഷയത്തിൽ ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി പരാമർശം (3) പ്രകാരം "ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട്" തീർപ്പാക്കി ഉത്തരവായി. പരാമർ ശം (4), (5) എന്നിവ പ്രകാരം ടിയാന്റെ സസ്പെൻഷൻ കാലം എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായും 80 % ശമ്പളവും അലവൻസും സസ്പെൻഷൻ കാലയളവിൽ നൽകുന്നതിനും ഉത്തരവായി. തുടർന്ന് ടിയാൻ 14.06.2017 തീയതിയായി

ബഹു. വനം വന്യജീവി വകുപ്പ് മന്ത്രി മുൻപാകെ സമർപ്പിച്ച റിവ്യൂ ഹർജി പരിഗണിച്ച് പരാമർശം (6) പ്രകാരം കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിച്ചു.

3) മേൽ ഉത്തരവ് പരിഗണിച്ച് ടി സസ്പെൻഷൻ കാലത്തെ മുഴുവൻ ശമ്പളവും ബത്തകളും അനുവദിക്കുന്നതിന് ടിയാൻ പരാമർശം (7) പ്രകാരം റിവ്യൂ ഹർജി സമർപ്പിച്ചു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു ശ്രീ. സി. ടി. ജോജുവിനെ കുറ്റവിമുക്തനാക്കി ഉത്തരവായിട്ടുള്ളതിനാൽ, ടിയാന്റെ 19.09.2002 മുതൽ 26.09.2005 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്ത തട്ടികിഴിച്ചുള്ള ശമ്പളവും ബത്തകളും ഉൾപ്പെടെ എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും 27.09.2005 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 56 ബി (9) ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ച് പരാമർശം ( 4 ) ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Sajeevan M K
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ. സി. ടി. ജോജു, റിട്ടയേർഡ് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (എഫ്) വകുപ്പ്

വനം വന്യജീവി (പി.എസ്) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ